**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) യിലെ സർവ്വീസ് ബൈലോ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ-സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് (കില-സി.എച്ച്.ആർ.ഡി) യിലെ അക്കാഡമിക് സ്റ്റാഫിനും ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (കൈ) നം.227/2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 24.11.2017.

പരാമർശം :- 1) 30.04.1991 ലെ സ.ഉ. (കൈ) നം. 134/91/എൽ.എ.ഡി.

2) 30.06.2003 ലെ സ.ഉ.(കൈ) നം.196/2003/തസ്വഭവ.

3) 07.02.2007 ലെ സ.ഉ.(സാധാ) നം.402/2007/തസ്വഭവ.

4) 12.02.2015 ലെ സ.ഉ.(കൈ) നം. 27/2015/തസ്വഭവ

5) കില ഡയറക്ടറുടെ 31.01.2017 ലെ 1070/ഡി1/2011/എസ്.ഐ.ആർ.ഡി നമ്പർ കത്ത്.

6) 24.05.2017 ലെ സ.ഉ.(കൈ) നം. 103/2017/തസ്വഭവ

7) 29.08.2017 ൽ ചേർന്ന 'കില' എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

8) 27.09.2017 ലെ കില ഡയറക്ടറുടെ കില /2017/101/2435 നമ്പർ കത്ത്.

9) 19.10.2017 ൽ ചേർന്ന കില -സി.എച്ച്.ആർ.ഡി (എസ്.ഐ.ആർ.ഡി) അക്കാദമിക് സ്റ്റാഫിന്റെ റിക്രൂട്ട്മെന്റ് റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച യോഗത്തിന്റെ മിനിട്സ്.

**ഉത്തരവ്**

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) സർവ്വീസ് ബൈലോ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽത്തന്നെ 'കില' യിലെ അക്കാഡമിക് പോസ്റ്റുകൾക്കുള്ള റിക്രൂട്ട്മെന്റ് റൂൾസും അംഗീകരിച്ചിട്ടുണ്ട്.

**2.** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പമെന്റ് (എസ്.ഐ.ആർ.ഡി) എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വികസനോന്മുഖമാക്കി മാറ്റുന്നതിനുമായിലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ടി സ്ഥാപനങ്ങൾ പരാമർശം (6) ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള സാഹചര്യങ്ങളിൽ കിലയിൽ സംയോജിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ 'Academic Integration' സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

Academic Council of the integrated entity shall decide the Academic Calender and related academic activities of the integrated entity.

Faculty shall be shared across Institutes to service the expanded service offerings.

The Integrated entity shall utilize the e-Governance platform of KILA.

**3.** കില-സി.എച്ച്.ആർ.ഡി.യിലെ റഗുലർ ഫാക്കൽറ്റി അംഗങ്ങളുടെ റിക്രൂട്ട്മെന്റ് റൂൾസ് രൂപീകരിക്കുന്നതിലേയ്ക്ക് ഗ്രാമവികസന കമ്മീഷണർ തയ്യാറാക്കിയ കരട് റിക്രൂട്ട്മെന്റ് റൂൾസ് പരാമർശം (5) പ്രകാരം കിലയുടെ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

**4.** 29.08.2017 ൽ ചേർന്ന 'കില' എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിനനുസൃതമായി കൊട്ടാരക്കര കില-സി.എച്ച്.ആർ.ഡി സെന്ററിലെ രണ്ട് സ്ഥിരം ഫാക്കൽറ്റി അംഗങ്ങളുടെയും 'കില' ഹെഡ് ഓഫീസിലെ ഫാക്കൽറ്റി അംഗങ്ങളുടെയും നാളിതുവരെയുള്ള സർവ്വീസുമായി ബന്ധപ്പെട്ട വിവരങ്ങൾ പരാമർശം (8) പ്രകാരം കില ഡയറക്ടർ ലഭ്യമാക്കിയിരുന്നു. .

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 'കില' യിലെ അക്കാഡമിക് സ്റ്റാഫിന് അനുവദിച്ച റിവൈസ്ഡ് യു.ജി.സി.സ്കെയിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി കില-സി.എച്ച്.ആർ.ഡി യിലെ ഫാക്കൽറ്റി അംഗങ്ങൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന കില ഡയറക്ടറുടെ ശുപാർശ തത്വത്തിൽ അംഗീകരിക്കുകയും പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുന്നോടിയായി 'കില' യിലെ അക്കാഡമിക് സ്റ്റാഫിന് ബാധകമാക്കിയ സർവ്വീസ് ബൈലോ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ-സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് (കില-സി.എച്ച്.ആർ.ഡി) യിലെ അക്കാഡമിക് സ്റ്റാഫിനും കൂടി ബാധകമാക്കേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച നിലവിലുള്ള സർവ്വീസ് ബൈലോ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ-സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് (കില-സി.എച്ച്.ആർ.ഡി) യിലെ റഗുലർ ഫാക്കൽറ്റി അംഗങ്ങൾക്കും ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ.ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

റീജിയണൽ ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ-സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ്, കൊട്ടാരക്കര
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ